LIBRARY ARCHIVES Kerala Legislative Assembly

മഹിളാസൗഖ്യ

26 (1400) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാസൗഖ്യ എന്ന സംഘടനയ്ക്ക് ആദിവാസി മേഖലയിൽ പ്രവർത്തനം നടത്തുന്നതിന് കഴിഞ്ഞ അഞ്ച് വർഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി ലഭിച്ച തുകയെത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവർ ആദിവാസി മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ; ഇതിനായി വേണ്ടി വന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി ഒരു രൂപ പോലും ലഭിച്ചിട്ടില്ല എന്ന് കേരള സമഖ്യ സൊസൈറ്റിയുടെ അസോസിയേറ്റ് പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസ തുടർച്ച ലഭ്യമാക്കുന്നതിന്റെ ഭാഗമായി മഹിളാ ശിക്ഷൺ കേന്ദ്രങ്ങളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം മഹിളാസൗഖ്യ വഴി നടപ്പിലാക്കുന്നു. ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവും അനാരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി സമൂഹ അടുക്കള പ്രവർത്തിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണം നടത്തുകയും പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുകയും ചെയ്യുന്നു. ശൈശവവിവാഹത്തിന് എതിരായി ബോധവൽക്കരണം നടത്തുകയും വിദ്യാഭ്യാസത്തിന് അവസരം നൽകുകയും ചെയ്യുന്നു. തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സഹായങ്ങൾ നൽകുന്നു. 'സംയോജിത' ആദിവാസി കേരളം സാംസ്കാരിക പരിപാടി വഴി ആദിവാസികളും കേരളത്തിന്റെ ഭാഗമാണ് എന്ന ബോധം ആദിവാസികൾക്കും പൊതുജനങ്ങൾക്കും ബോധ്യപ്പെടുത്തികൊടുക്കുന്നു. ഇതിനായി വേണ്ടിവരുന്ന തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

27 (1401) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമവികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;